പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നംപർ.5487 — 25.10.2011ൽ മറുപടിക്ക്

## നിലം നികത്തൽ, മണൽ കടത്ത്, ഭൂമികയ്യേറ്റം എന്നിവ തടയുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.എ.പി.അബ്ദുള്ളക്കുട്ടി :<br>ശ്രീ.ഡൊമിനിക് പ്രസന്റേഷൻ :<br>ശ്രീ.കെ.അച്ചുതൻ :<br>ശ്രീ.സി.പി.മുഹമ്മദ് : | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(റവന്യൂ വകുപ്പു മന്ത്രി) |

| | |
| --- | --- |
| (എ) സംസ്ഥാനത്തെ അനധികൃത നിലം നികത്തൽ, മണൽകടത്ത്, ഭൂമി കയ്യേറ്റം എന്നിവ തടയുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊള്ളുന്നത് ; | എ. അനധികൃത നിലം നികത്തൽ ശ്രദ്ധയിൽപ്പെടുമ്പോൾ 2008-ലെ കേരളാ നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം വകുപ്പ് 7(1) പ്രകാരം അതാത് കൃഷി ഓഫീസർമാർ നൽകുന്ന റിപ്പോർട്ടിനെ അടിസ്ഥാനമാക്കി ആർ.ഡി.ഒ.-മാർ നടപടി സ്വീകരിച്ചു വരുന്നു. ആക്ടിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായ പ്രവർത്തി നടത്തുന്നതിനുപയോഗിച്ച . യന്ത്ര സാമഗ്രികളോ വാഹനമോ പിടിച്ചെടുക്കുന്നതിനുള്ള അധികാരം വില്ലേജാഫീസർമാരിൽ താഴെയല്ലാത്ത റവന്യൂ വകുപ്പിലെ ഉദ്യോഗസ്ഥർക്കും സബ്ഇൻസ്പെക്ടറുടെ പദവിയിൽ, താഴെയല്ലാത്ത പോലീസ് ഉദ്യോഗസ്ഥർക്കും നൽകിയിട്ടുണ്ട്. ആക്ടിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി നെൽവയലോ തണ്ണീർത്തടമോ രൂപാന്തരപ്പെടുത്തുകയോ പരിവർത്തനം ചെയ്യുകയോ ചെയ്യുന്ന ഏതൊരാളെയും ആറുമാസത്തിൽ കുറയാതെയും 2 വർഷം വരെയാകാവുന്നതുമായ തടവും അമ്പതിനായിരം രൂപ മുതൽ 1 ലക്ഷം രൂപ പിഴയും നൽകി ശിക്ഷിക്കുന്നതാണ്. |

| | |
|---|---|
| | അനധികൃത മണൽ കടത്ത് തടയുന്നതിന് തഹസീൽദാർ റെവന്യൂ ഡിവിഷണൽ ആഫീസർ പോലീസ് ഉദ്യോഗസ്ഥർ എന്നിവരുടെ നേതൃത്വത്തിൽ താലൂക്ക്തല സ്ക്വാഡുകൾ രൂപീകരിച്ച് അവർ കടവുകളിലും നദീതീരങ്ങളിലും റെയിഡുകൾ നടത്തി വരുന്നു.<br>1957-ലെ കേരളാ ഭൂമി സംരക്ഷണ നിയമവും ചട്ടവും പ്രകാരം ഭൂമി കൈയ്യേറ്റത്തിനെതിരെ അധികാരപ്പെട്ട ഉദ്യോഗസ്ഥർക്ക് നിയമ നടപടി സ്വീകരിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) ഇവ കർശനമായി നേരിടുന്നതിന് കളക്ടർമാർക്ക് എന്തെല്ലാം അധികാരങ്ങളും സൗകര്യങ്ങളുമാണ് നൽകിയിട്ടുള്ളത് ; | (ബി) നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം (18) പ്രകാരം ഈ ആക്ടിലെ വ്യവസ്ഥകൾക്ക് അനുസരണമായി പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവ് നടപ്പാക്കുന്നതിനും വകുപ്പ് 20 പ്രകാരം അനധികൃത നിലം നികത്തൽ നടത്തിയതുമായി ബന്ധപ്പെട്ട് പിടിച്ചെടുത്ത വസ്തുക്കൾ കണ്ടുകെട്ടാനും, അനധികൃത മണൽ കടത്ത് ശ്രദ്ധയിൽപ്പെട്ടാൽ 2001-ലെ കേരളാ നദീതീര സംരക്ഷണ നിയമവും ചട്ടങ്ങളും പ്രകാരവും, കേരള മൈനർ, മിനറൽ കൺസഷൻ റൂൾ പ്രകാരവും നടപടി സ്വീകരിക്കുന്നതിനും, അനധികൃത കയ്യേറ്റം ഒഴിപ്പിക്കുന്നതിനും, ഒഴിപ്പിച്ച ഭൂമി സർക്കാരിലേയ്ക്ക് വീണ്ടെടുക്കുവാനും ക്രിമിനൽ നടപടി ആരംഭിക്കുന്നതിനും ജില്ലാ കളക്ടർമാർക്ക് അധികാരം നൽകിയിട്ടുണ്ട്. |
| (സി) ഇതിനായി 24 മണിക്കൂറും പ്രവർത്തിക്കുന്ന സ്ക്വാഡുകൾ രൂപീകരിക്കുമോ ; വിശദാംശം നൽകുമോ? | (സി) പരിശോധിക്കുന്നതാണ്. |

Rajeev

സെക്ഷൻ ഓഫീസർ